പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 915 — 25/01/2018 ൽ മറുപടിക്ക്

## മൃഗസംരക്ഷണ വകുപ്പിനു കീഴിൽ ഈവനിംഗ് ക്ലിനിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ:** | | അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). | |
| എ) | തിരൂർ താലൂക്കിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഈവനിംഗ് ക്ലിനിക്ക് ഇല്ലാത്തതിനാൽ ക്ഷീരകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രശ്നം പരിഹരിക്കുന്നതിന് നിലവിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | നിലവിൽ സംസ്ഥാനത്തെ 85 ബ്ലോക്കുകളിൽ രാത്രികാല അടിയന്തിര വെറ്ററിനറി സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. 13-ാം പദ്ധതിക്കാലത്ത് സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും ഈ സേവനം ഏർപ്പെടുത്താൻ സർക്കാർ ലക്ഷ്യമിടുന്നു. ബ്ലോക്ക് തലത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഒരു വെറ്ററിനറി ഡോക്ടറുടെ സേവനത്തിനു പുറമെ സംസ്ഥാനത്ത് 50,000/- രൂപയുടെ ജീവൻരക്ഷാ വെറ്ററിനറി മരുന്നുകളും നൽകുന്നു. |
| സി) | താലൂക്കിലെ ക്ഷീരകർഷകർക്ക് ഏറെ ആശ്വാസം പകരുന്ന ഈവനിംഗ് ക്ലിനിക്ക് ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | സി) | നിലവിൽ മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി, പെരിന്തൽമണ്ണ, നിലമ്പൂർ, പൊന്നാനി, മലപ്പുറം എന്നീ 5 ബ്ലോക്കുകളിൽ രാത്രികാല അടിയന്തിര വെറ്ററിനറി സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പുതുതായി ബ്ലോക്കുകളിൽ സേവനം ഏർപ്പെടുത്തുമ്പോൾ തിരൂർ ബ്ലോക്ക് കൂടി പരിഗണിക്കാവുന്നതാണ്. |

സെക്ഷൻഓഫീസർ